ബോധവൽക്കരണ ക്ലാസ്സുകൾ വാർഡുകൾതോറും നടത്തിവരുന്നു. എല്ലാ വിഭാഗം ജനങ്ങളുടെയും പിൻതുണ ഉറപ്പുവരുത്തുന്നതിനായി വ്യാപകമായ പ്രചരണ പരിപാടികൾ നടത്തുന്നുണ്ട്. ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് പൊതുജനങ്ങളിൽ നിന്നും, സാംസ്ക്കാരിക സാമൂഹ്യ സംഘടനകളിൽ നിന്നും ഏതു തരത്തിലുള്ള സഹകരണവും സ്വീകരിക്കുന്നതാണ്. ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി നഗരസഭകൾ നടപ്പാക്കിവരുന്ന ശുചീകരണ പരിപാടികളിൽ പങ്കെടുത്ത് മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ സഹായ സഹകരണങ്ങൾ സന്നദ്ധ സംഘടനകൾക്ക് ചെയ്തു കൊടുക്കാവുന്നതാണ്. പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് വാർഡ് കൗൺസിലർ, സന്നദ്ധ സംഘടന, കുടുംബശ്രീ പ്രവർത്തകർ, റസിഡൻഷ്യൽ അസോസിയേഷൻ എന്നിവരെ ഉൾപ്പെടുത്തി വീടുകൾതോറുമുള്ള പ്രചരണ പരിപാടികൾ ആരംഭിച്ചു കഴിഞ്ഞു.

ഖരമാലിന്യ പ്ലാന്റുകൾ

61 (3813) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീമതി മെഴ്സി രവി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലീൻ കേരള പദ്ധതി ഇപ്പോൾ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിവരുന്നു ; ഈ പദ്ധതിപ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ;

(ബി) ക്ലീൻ കേരള പദ്ധതി നടപ്പാക്കിയ സ്ഥലങ്ങളിൽ ഖരമാലിന്യങ്ങൾ ഏതുവിധത്തിലാണ് സംസ്ക്കരിക്കുന്നത് ;

(സി) അതിനുവേണ്ടിയുള്ള പ്ലാന്റുകൾ എത്ര തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചു ?

ഉത്തരം

(എ) ക്ലീൻ കേരള പദ്ധതി എല്ലാ നഗരഗഭാ സ്ഥാപനങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട 25 പഞ്ചായത്തുകളിലും നടപ്പിലാക്കിവരുന്നു. കൂടാതെ നഗരസഭയിലും ഗ്രാമപഞ്ചായത്തുകളിലും നാഷണൽഹൈവേയുടെ പ്രധാന ടൗണുകൾ ഉൾപ്പെടുന്ന വാർഡുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഖരമാലിന്യങ്ങൾ ഏറോബിക് കംമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, സാനിറ്ററി ലാന്റ് ഫില്ലിംഗ് എന്നീ രീതികളിൽ സംസ്ക്കരിക്കുന്നു. ചില നഗരങ്ങളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റ് മുഖേന മാലിന്യങ്ങൾ സംസ്ക്കരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ 4 നഗരസഭകളിൽ (കോഴിക്കോട്, തൃശ്ശൂർ, ഗുരുവായൂർ, തിരുവനന്തപുരം) സ്ഥാപിച്ചിട്ടുണ്ട്. മറ്റു നഗരസഭകളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരികയാണ്.

കുടുംബശ്രീ പദ്ധതി

62 (3814) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ ശക്തിപ്പെടുത്തുന്നതിനും അതുവഴി ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ പദ്ധതികൾ നടത്തിക്കൊടുക്കുന്നതിനുംവേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നടപടികൾകൊണ്ടുള്ള പ്രവർത്തനങ്ങൾ എപ്പോഴത്തേയ്ക്ക് ആരംഭിക്കാനാകും ?

ഉത്തരം

(എ) കുടുംബശ്രീ ശക്തിപ്പെടുത്തുന്നതിനും അതുവഴി ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ പദ്ധതികൾ നടത്തിക്കൊടുക്കുന്നതിനുംവേണ്ടി സ്വീകരിക്കാനുദ്ദേശിക്കുന്ന പരിപാടികൾ താഴെപ്പറയുന്നു.

1. അക്ഷയ ഐ. ടി. ഹോം.
2. ബാലസഭ
3. ആശ്രയ-അഗതി പുനരധിവാസം
4. മൈക്രോ ഹൗസിംങ്-ഭവനശ്രീ
5. മൈക്രോ ഇൻഷ്വറൻസ്
6. മൈക്രോ ചിട്ടി
7. മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ്

(ബി) പുതുതായി ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പരിപാടികൾ 2003-2004 സാമ്പത്തികവർഷം ആരംഭിക്കുന്നതാണ്.

പകർച്ചപ്പനി നിയന്ത്രണ ഫണ്ട്

63 (3815) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാപകമായി പിടിപ്പെട്ട പകർച്ചവ്യാധിയായ പനി നിയന്ത്രിക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണവകുപ്പ് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly